പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1170      11.07.2011-ൽ മറുപടിയ്ക്ക്

## പൈനാപ്പിൾ കൃഷിയുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കീടനാശിനികളുടെ ഉപയോഗത്തെ സംബന്ധിച്ച് മുൻസർക്കാരിന്റെ കാലത്തു നിന്നുമുണ്ടായ ചില പരാമർശങ്ങൾ പൈനാപ്പിൾ കൃഷിയെയും വിപണനത്തെയും പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പൈനാപ്പിൾ കൃഷിയെയും വിപണനത്തെയും പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ ? | (ബി) പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കുന്നതിന് ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം പൈനാപ്പിളിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് പൈനാപ്പിൾ കന്ന് ഉപയോഗിച്ചുള്ള കൃഷിയ്ക്ക് ഹെക്ടറൊന്നിന് 35,000/- രൂപ 75:25 എന്ന അനുപാതത്തിൽ രണ്ടു വർഷങ്ങളിലായി നൽകുന്നതാണ്. ടിഷ്യൂകൾച്ചർ പൈനാപ്പിൾ തൈകൾ ഉപയോഗിച്ചുള്ള വിള വ്യാപനത്തിന് ഹെക്ടറൊന്നിന് 41,602/- |

രൂപ 75.25 എന്ന അനുപാതത്തിൽ രണ്ടു വർഷങ്ങളിലായി നൽകുന്നതാണ്. ഒരു ഗുണഭോക്താവിന് പരമാവധി നാല് ഹെക്ടർ സ്ഥലത്തേക്കാണ് ഈ സഹായം നൽകുന്നത്

ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് ഗ്രാമീണ വിപണികളും ചില്ലറ വിപണികളും സ്ഥാപിക്കുന്നതിന് മിഷൻ ധനസഹായം നൽകി വരുന്നു. യൂണിറ്റൊന്നിന് 20 ലക്ഷം രൂപ മുതൽ മുടക്കുള്ള ഗ്രാമീണ വിപണികൾ സ്ഥാപിക്കുന്നതിനും യൂണിറ്റൊന്നിന് 10 ലക്ഷം രൂപ മുതൽ മുടക്കുള്ള ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിനും സാധാരണ പ്രദേശങ്ങളിൽ ചെലവിന്റെ 40 ശതമാനവും മലയോര ഗോത്ര വർഗ്ഗ പ്രദേശങ്ങളിൽ 55 ശതമാനവും പദ്ധതി പൂർത്തീകരണത്തിന് ശേഷം വായ്പാ ബന്ധിത സബ്സിഡി രൂപത്തിൽ ധനസഹായം ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം നൽകുന്നു.

സെക്ഷൻ ഓഫീസർ